**പതിനാലാം കേരള നിയമസഭ**

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 2033 **05.05.2017**-ലെ മറുപടിക്ക്

<u>ഭൂരഹിതരായ പട്ടികജാതി കുടുംബങ്ങൾക്ക ഭൂമി ലഭ്യമാക്കുന്നതിന്നടപടി</u>

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.ഇ.പി.ജയരാജൻ** | | **ശ്രീ. എ.കെ.ബാലൻ (പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്കസമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററി കാര്യവും വകുപ്പ് മന്ത്രി)** | |
| (എ) | ഭൂരഹിതരായ മുഴുവൻ പട്ടികജാതി കുടുംബങ്ങൾക്കും ഭൂമി ലഭ്യമാക്കുന്നതിന് എത്ര ഭൂമി ഓരോ ജില്ലയിലും വേണ്ടിവരും; | (എ) & (ബി) | പട്ടികജാതി വികസന വകുപ്പ് നടപ്പാക്കി വരുന്ന ഭൂരഹിത പുനരധിവാസ പദ്ധതി പ്രകാരം ഗുണഭോക്താവ് സ്വന്തമായി ഭൂമി കണ്ടെത്തുകയാണ് ചെയ്യുന്നത്. ഓരോ വർഷവും ബജറ്റിൽ വകയിരുത്തുന്ന തുകയ്ക്ക് അനുസൃതമായി ഗുണഭോക്താക്കളുടെ എണ്ണം നിശ്ചയിക്കുന്നു. ഇത് പഞ്ചായത്തുകളിൽ ഏറ്റവും കുറഞ്ഞത് 5 സെന്റും മുനിസിപ്പാലിറ്റിയിലും കോർപ്പറേഷനിലും 3 സെന്റും വീതവുമാണ്. ഓരോ ഗുണഭോക്താവിനും അനുവദിക്കുന്ന തുകയ്ക്ക് ലഭിക്കാവുന്ന പരമാവധി അളവിലുള്ള ഭൂമി വാങ്ങാവുന്നതാണ്. 1.04.2016 ലെ കണക്ക് പ്രകാരം 30698 ഭൂരഹിത കുടുംബങ്ങളാണ് ഉണ്ടായിരുന്നത്. 2016-17-ൽ 4465 കുടുംബങ്ങൾക്ക് സ്ഥലം നൽകിയിട്ടുണ്ട്. |
| (ബി) | ഇതിനായി ഓരോ ജില്ലയിലും എത്ര ഭൂമി കണ്ടെത്തിയിട്ടുണ്ടെന്ന വ്യക്തമാക്കുമോ? | | |

സെക്ഷൻ ഓഫീസർ